# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2809 — 27.01.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കടിശ്ശിക ഏറ്റെടുക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിഭാഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കടിശ്ശിക ഏറ്റെടുക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് എത്ര രൂപയാണ് അനുവദിച്ചിരുന്നത് ; അതിൽ എത്ര രൂപ ചെലവഴിച്ചു; | (എ) 12/11/2009 ലെ 100/09/പ.ജ.പ.വ. വിവ നം. സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച കടം എഴുതി തള്ളൽ പദ്ധതിയിൻ കീഴിൽ തുക അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് കാലാകാലം തുക അനുവദിക്കുന്നതിനായി, മുൻ സർക്കാരിന്റെ കാലത്ത് ടി പദ്ധതിയ്ക്കുള്ള നോഡൽ ഏജൻസിയായി നിശ്ചയിച്ചിരുന്ന സംസ്ഥാന എസ്.സി/എസ്.റ്റി കോർപ്പറേഷന്റെ അക്കൗണ്ടിൽ 7728.34 ലക്ഷം രൂപ നിക്ഷേപിക്കുകയും അതിൽ നിന്ന് 7300.96 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ ഗവൺമെന്റ് പ്രസ്തുത വായ്പാ കടിശ്ശിക ഏറ്റെടുക്കുന്നതിന്റെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിച്ചത് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇതിനായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത് ; എത്ര പേർക്ക് ഈ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) 10/12/2013 ലെ സ.ഉ. (അച്ചടി) 99/13 പജപവവിവ എന്ന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ, പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദിഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ വായ്പ തുകയുടെ പരിധി 25,000/- രൂപയിൽ നിന്നും 50,000/- രൂപയായി |

| | |
|---|---|
| | വർദ്ധിപ്പിച്ച് 12/11/2009 ലെ സഉ(അച്ചടി) 100/09/പജപവവിവ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഇതിലേക്കായി 17,89,02,566/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. വാണിജ്യ വ്യവസായ വകുപ്പിൽ നിന്നും വായ്പ എടുത്ത 256 പേർക്കും ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്നും വായ്പ എടുത്ത 1834 പേർക്കും സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത 2555 പേർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ആനുകൂല്യത്തിന് അർഹതയുള്ളവരുടെ എണ്ണം ലഭ്യമായിട്ടില്ല. |
| (സി) വായ്പാ കുടിശ്ശിക ഏറ്റെടുക്കുന്നതിന്റെ പരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) 2006 മാർച്ച് 31 ന് ശേഷം തിരിച്ചടവ് കാലാവധി കഴിഞ്ഞവരെയും ഈ ആനുകൂല്യത്തിന് പരിഗണിക്കുമോ ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) ഈ പദ്ധതി നടപ്പാക്കുന്നതിന് ഏത് സ്ഥാപനത്തെയാണ് നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് ? | (ഇ) 10/12/2013 ലെ സ.ഉ(അച്ചടി) 99/13/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം കടം എഴുതി തള്ളൽ പദ്ധതിയിൽ സർക്കാർ ഏറ്റെടുക്കുന്ന വായ്പാ കുടിശ്ശിക പരിധി വർദ്ധിപ്പിച്ചപ്പോൾ, ടി പദ്ധതി നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസിയെ നിശ്ചയിച്ചിട്ടില്ല. |

Sali. K.T

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**